SYRO-MALABAR MAJOR ARCHIEPISCOPAL CHURCH

**Commission for Laity**

Major Archbishop
Mar Varkey Cardinal Vithayathil

Mar Mathew Arackal - Chairman
Mar Sebastian Adayanthrath - Member
Mar Mathew Anikuzhikattil - Member
Adv. V. C. Sebastian - Secretary

Press Release 24.10.2009

# സഭയുടെ രാഷ്ട്രീയം കക്ഷി രാഷ്ട്രീയമല്ല - കർദ്ദിനാൾ വർക്കി വിതയത്തിൽ

## സീറോ മലബാർ സഭ പാസ്റ്ററൽ കൗൺസിൽ നേതൃസമ്മേളനത്തിനു കൊച്ചിയിൽ തുടക്കമായി

കൊച്ചി. കത്തോലിക്കാ സഭയുടെ രാഷ്ട്രീയം, കക്ഷിരാഷ്ട്രീയമല്ലെന്നും പാവപ്പെട്ടവരെയും, പാർശ്വവൽക്കരിക്കപ്പെട്ടവരെയും സംരക്ഷിക്കുന്നതാണ് സഭയുടെ രാഷ്ട്രീയമെന്നും കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പറഞ്ഞു. നിരീശ്വരവാദികളെയും, മതവിരോധികളെയും എതിർക്കുന്നതാണ് രാഷ്ട്രീയത്തിൽ സഭയുടെ നിലപാട്. ന്യൂനപക്ഷസംരക്ഷണവും മതേതരത്വവും മുഖ്യ അജണ്ടയാക്കണം. അല്മായ പ്രാതിനിധ്യവും പങ്കാളിത്വവും സഭയിൽ ഉറപ്പാക്കണം. അധികാരികളുടെ തെറ്റുകൾ തിരുത്താൻ അല്മായർക്ക് അവകാശവും ഉത്തരവാദിത്വവുമുണ്ട്.

സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ സീറോമലബാർ രൂപതകളിലെയും പാസ്റ്ററൽ കൗൺസിൽ അല്മായ സെക്രട്ടറിമാരുടെ ദ്വിദിന നേതൃസമ്മേളനം സഭ ആസ്ഥാനമായ കൊച്ചി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ വർക്കി വിതയത്തിൽ.

അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ വിവിധ രൂപതകളിലെ അല്മായ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ അവതരിപ്പിച്ചു. കെ.സി.ബി.സി. വിജിലൻസ് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ, ഇൻഫാം മുൻ ദേശീയ ചെയർമാൻ ഫാ. മാത്യു വടക്കേമുറി, രാഷ്ട്ര ദീപിക മാനേജിംഗ് ഡയറക്ടർ പി പി സണ്ണി, ഡോ. സാബു ഡി മാത്യു, (പാലാ), പി.ഐ. ലാസർ (തൃശൂർ), അഡ്വ. ജോസ് വിതയത്തിൽ (എറണാകുളം), ജോർജ്ജുകുട്ടി ആഗസ്തി (കാഞ്ഞിരപ്പള്ളി) എന്നിവർ വിവിധ വിഷയാവതരണങ്ങൾ നടത്തി. പ്രമേയചർച്ചകൾക്ക് അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ മോഡറേറ്ററായിരുന്നു. ആനുകാലിക-രാഷ്ട്രീയ-സാമൂഹ്യപശ്ചാത്തലങ്ങളെയും സഭ നേരിടുന്ന വിവിധ വെല്ലുവിളികളെയും വിലയിരുത്തുന്ന പ്രമേയചർച്ചകൾ ഇന്നും തുടരുന്നതാണ്.

ഇന്ന് രാവിലെ 8.30 ന് ആരംഭിക്കുന്ന പൊതുചർച്ചകൾക്കും, കർമ്മപദ്ധതി രൂപീകരണത്തിനും സഭാ ചാൻസിലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോളി കണ്ണൂക്കാടൻ എന്നിവർ നേതൃത്വം നൽകും. ഉച്ചയ്ക്ക് 12-ന് ചേരുന്ന സമാപന സമ്മേളനത്തിൽ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ മുഖ്യ സന്ദേശം നൽകും.

അഡ്വ. വി സി സെബാസ്റ്റ്യൻ
സെക്രട്ടറി